പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:1464 06/03/2017 ൽ മറുപടിക്ക്

## കൃഷി ഓഫീസർ തസ്തികകൾ

| ചോദ്യം<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. : | മറുപടി<br>ശ്രീ.വി. എസ്. സുനിൽകുമാർ<br>(കൃഷിവകുപ്പ് മന്ത്രി) |
|---|---|
| എ) പട്ടാമ്പി മണ്ഡലത്തിലെ വിവിധ കൃഷി ഭവനുകളിൽ കാലങ്ങളായി കൃഷി ഓഫീസർ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്ഥിരം കൃഷി ഓഫീസർമാരെ നിയമിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി ഒഴിവിലേയ്ക്ക് സ്ഥിരം കൃഷി ഓഫീസർമാരെ നിയമിക്കുവാൻ പി.എസ്.സി.യിൽ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും, കോൺട്രാക്ട് അടിസ്ഥാനത്തിലും കൃഷി ഓഫീസർമാരെ നിയമിച്ചു വരുന്നു. പി.എസ്.സി.റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന മുറയ്ക്ക് സ്ഥിരം കൃഷി ഓഫീസറെ നിയമിക്കുന്നതാണ്. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമനം നടത്തുന്നതിനുള്ള പ്രവൃത്തികൾ പി.എസ്.സി വഴി ധ്രുതഗതിയിൽ നടന്നുവരുന്നു. |
| ബി) കാർഷിക രംഗത്തെ യന്ത്രവത്കരണത്തിന്റെ ഭാഗമായി വകുപ്പ് വാങ്ങിയ കാർഷിക യന്ത്രങ്ങൾ കേടു വന്നത് കൊണ്ടോ നിയമത്തിന്റെ നൂലാമാലകൾ കാരണമോ കർഷകന് ഉപയുക്തമാകുന്നില്ല എന്നതു ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത യന്ത്രങ്ങൾ കർഷകനു ആവശ്യാനുസരണം ലഭ്യമാക്കാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മെഷിനറികൾ ഉപയോഗിക്കുന്നതിന് വേണ്ടത്ര വിദഗ്ധർ ഇല്ലാത്തതിനാൽ ഈ മെഷിനറികൾക്ക് പെട്ടെന്ന് കേടുപാടുകൾ സംഭവിക്കുന്നുണ്ട്. കാർഷിക മേഖലയിൽ തൊഴിൽ വൈദഗ്ധ്യ പരിശീലനത്തിനായി കേന്ദ്രസർക്കാരിന്റെ തൊഴിൽ നൈപുണ്യ വകുപ്പ് മുമ്പാകെ ഒരു പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട് . ആയത് കേന്ദ്രസർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ തുക കണ്ടെത്തി കേടുപാടുകൾ പരിഹരിച്ച് യഥാസമയം യന്ത്രങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ ഈ പ്രശ്നങ്ങളെല്ലാം പരിഹരിച്ച് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഫാം ഫെസിലിറ്റേഷൻ സെന്റർ എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ